പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1815 25/03/13-ൽ മറുപടിക്ക്

## തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ): |
| (എ) തിരൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതി വിശദീകരിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സമഗ്ര തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ നിയോജകമണ്ഡലത്തിൽ വെട്ടം മത്സ്യഭവൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പരവണ്ണ മത്സ്യ ഗ്രാമത്തിൽ സംയോജിത മത്സ്യ ഗ്രാമം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കടിവെള്ളം വിതരണം,സാനിട്ടേഷൻ,ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തിയ്ക്കായി 143 ലക്ഷം രൂപയുടെ പ്രവൃത്തിയും നടപ്പാക്കുന്നു. കൂടാതെ ദേശീയ ഭവന നിർമ്മാണ പദ്ധതി, സമ്പാദ്യാശ്വാസ പദ്ധതി,മത്സ്യ സമൃദ്ധി പദ്ധതി എന്നിവയും നടപ്പാക്കുന്നുണ്ട്. |
| (ബി) 2013-14 വർഷം വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പൊതുപദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പദ്ധതി സമർപ്പിച്ചിട്ടില്ല. |

(സി) തിരൂർ നിയോജകമണ്ഡലത്തിൽ സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽപ്പെടുത്തി ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് എത്ര തുക വിനിയോഗിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ സംയോജിത മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി ആവിഷ്കരിച്ച 143 ലക്ഷം രൂപ വിനിയോഗിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(ഡി) തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പ്രവൃത്തികൾക്കായി താഴെ പറയുന്ന 9 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷം) |
|---|---|---|
| 1 | വൈശ്യം പാലം - ടിപ്പു സുൽത്താൻ റോഡ് | 32.00 |
| 2 | കാന്യർ-വാക്കാട്-അഴീക്കൽ കാശ്മീർ ബീച്ച് റോഡ് | 32.00 |
| 3 | കറുത്തങ്ങാട്-പള്ളിരി-പച്ചാട്ടിരി റോഡ് | 45.00 |
| 4 | അഴീക്കൽ കോളനി-പറവണ്ണ വടക്കേപ്പള്ളി റോഡ് | 34.00 |
| 5 | അരിക്കാഞ്ചിറ-തീണ്ടാപ്പടി കനാൽ റോഡ് | 31.80 |
| 6 | വടക്കേപ്പള്ളി-ആവിപ്പുഴ റോഡ് | 13.60 |
| 7 | വാക്കാട്-റ്റി.എം.ജി. റോഡ് | 12.10 |
| 8 | പറവണ്ണ ബീച്ച് റോഡ് പാത്ത് വേ | 8.80 |
| 9 | പറവണ്ണ ഹൈസ്കൂൾ അക്കാദമി റോഡ് | 10.50 |
| | ആകെ | 219.8 |

സെക്ഷൻ ഓഫീസർ